ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) നൽകേണ്ടതുണ്ട്.

(ബി) കേന്ദ്രസർക്കാർ ഓരോ വർഷവും പദ്ധതി നടത്തിപ്പിലേയ്ക്കായി അനുവദിക്കുന്ന കേന്ദ്രസഹായം അതാത് വർഷം ചെലവാക്കിയിരിക്കേണ്ടതാണ്. ഇപ്രകാരം നൽകുന്ന കണക്കുകളിൽ അനുവദിച്ച കേന്ദ്രസഹായം മുഴുവനും വിനിയോഗിച്ചില്ല എന്നു കണ്ടാൽ പ്രസ്തുത തുകകൾ വരും വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ടുന്ന സഹായത്തിൽനിന്നും തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ വ്യക്തമായ കണക്കുകൾ നൽകാതെ വന്നാൽ കേന്ദ്രസഹായത്തിന്റെ തോതിൽ കുറവു വരാനും സാധ്യതയുണ്ട്.

(സി) ചെലവഴിക്കുന്ന പണത്തിന്റെ കണക്കുകൾ ഗവൺമെന്റിനു നൽകേണ്ട തുണ്ടെന്ന് നിലവിലുള്ള നിയമങ്ങൾ നിഷ്കർഷിക്കുന്നു.

(ഡി) പദ്ധതി തുകകൾ വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടാൽ നിയമങ്ങൾ അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീലങ്കയിൽനിന്നുള്ള കാർഷികോല്പന്ന ഇറക്കുമതി

*21 [809] ശ്രീ. എം. കുമാരൻ:

ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ-ശ്രീലങ്ക കരാറനുസരിച്ച് തേയില, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പു, ഏലം, അടയ്ക്ക, റബ്ബർ, നാളികേരം, കൊപ്ര എന്നിങ്ങനെ കേരളത്തിന് താല്പര്യമുള്ള ഓരോന്നിനുമുള്ള ഇറക്കുമതി തീരുവ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഉല്പന്നങ്ങൾ 2002-03 സാമ്പത്തിക വർഷത്തിൽ എത്ര ടൺ വീതം ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കാർഷികോല്പന്നങ്ങളാണ് പൂജ്യം ശതമാനം തീരുവയിൽ ഇറക്കുമതി ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്;

(ഡി) മറ്റ് രാജ്യങ്ങളിൽ നിന്നുള്ള കാർഷികോല്പന്നങ്ങൾ ശ്രീലങ്കയിലെത്തിച്ച് അവിടെനിന്നും കുറഞ്ഞ താരിഫ് നിരക്കിൽ ഇന്ത്യയിലേക്കെത്തിക്കുന്നതുമൂലം കേരളത്തിലെ കാർഷികോല്പന്നങ്ങളുടെ വിലനിലവാരത്തേയും കയറ്റുമതി ചെയ്യുന്നവരേയും ദോഷകരമായി ബാധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഇന്ത്യയും ശ്രീലങ്കയും തമ്മിൽ 2000 മാർച്ച് മാസം 1-ാം തീയതി ഏർപ്പെട്ടിട്ടുള്ള സ്വതന്ത്ര വ്യാപാര കരാർ അനുസരിച്ച് ശ്രീലങ്കയിൽ നിന്നും ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന എല്ലാ കാർഷികോല്പന്നങ്ങൾക്കും 90 ശതമാനം വരെ ഡ്യൂട്ടിയിൽ സൗജന്യം അനുവദിച്ചിരുന്നു. എന്നാൽ ഈയിടെ കേന്ദ്ര സർക്കാർ കൈക്കൊണ്ട തീരുമാനമനുസരിച്ച് 2003 മാർച്ച് മാസം 18-ാം തീയതി മുതൽ ശ്രീലങ്കയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന എല്ലാ കാർഷികോല്പന്നങ്ങൾക്കും മുഴുവൻ ഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) ലഭ്യമായ കണക്കുകൾ പ്രകാരം 2002-03 വർഷത്തിൽ ശ്രീലങ്കയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെട്ട കാർഷികോല്പന്നങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

നമ്പർ	ഉല്പന്നം	അളവ് (ടൺ)
1.	പച്ചത്തേയില	6.00
2.	പച്ചത്തേയില (മൊത്തമായി)	4.08
3.	തേയില	200.32
4.	തേയില ഇല (മൊത്തമായി)	112.21
5.	തേയിലപ്പൊടി (മൊത്തമായി)	100.00
6.	തേയില (ബാഗുകളായി)	17.54
7.	കുരുമുളക് (നീളൻ)	645.75
8.	കുരുമുളക് (ഗാർബിൾഡ്)	3049.07
9.	കുരുമുളക് (അൺഗാർബിൾഡ്)	356.24
10.	ഗ്രാമ്പു (എക്സ്ട്രാക്റ്റഡ്)	1848.10
11.	ഗ്രാമ്പു (എക്സ്ട്രാക്റ്റഡ് അല്ലാതെ)	195.76
12.	ഇഞ്ചി/ചുക്ക്	40.00
13.	കൊക്കോസീഡ്സ്	2.00
14.	അടയ്ക്ക (സുപാരി)	63.35
15.	വെളുത്തുള്ളി	36.00

(സി) ഇൻഡോ-ശ്രീലങ്കൻ സ്വതന്ത്ര വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ ശ്രീലങ്കയിൽനിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന എല്ലാ കാർഷികോല്പന്നങ്ങളും തീരുവ രഹിതമായിട്ടാണ് ഇപ്പോൾ ഇറക്കുമതി ചെയ്യുന്നത്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശ്രീലങ്കയിൽ നിന്നും ഉണ്ടായിരിക്കുന്ന അമിതമായ ഇറക്കുമതി നിയന്ത്രിക്കുന്നതിനായി സൗജന്യ നിരക്കിലുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ മിതമായ നിരക്കിലുള്ള ഇറക്കുമതി തീരുവ പുനഃസ്ഥാപിക്കുകയോ ചെയ്യണമെന്നു സംസ്ഥാനം കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ നൽകുന്നതിലും ഉല്പന്നങ്ങളുടെ ഒറിജിൻ സംബന്ധിച്ച നിബന്ധനകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സുരക്ഷാ സംവിധാനങ്ങളും അവലോകനം ചെയ്യപ്പെടുന്നതിനു സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നതിനു കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽ വേണ്ടത്ര സമ്മർദ്ദം ചെലുത്തണമെന്നും സംസ്ഥാനത്ത് നിന്നുള്ള എം.പി.-മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

കാർഷിക കയറ്റുമതി മേഖലയിൽ ഉൾപ്പെടുത്തി കൃഷി ഫാമുകൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകുന്ന നടപടി

*22 [810] ശ്രീ. സാജു പോൾ:
,, മഞ്ഞളാംകുഴി അലി:
,, എം. വി. ജയരാജൻ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി രൂപീകരിച്ച കാർഷിക കയറ്റുമതി മേഖലയിൽ ഉൾപ്പെടുത്തി സർക്കാർ കൃഷിഫാമുകൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിനുശേഷം ഇപ്പോൾ സർക്കാരിന്റെ കൈവശം എത്ര ഫാമുകൾ ഉണ്ട്;

(സി) അവയിലെല്ലാമായി എത്ര ഹെക്ടർ ഭൂമിയുണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര ഫാമുകൾ ലാഭത്തിലാണെന്നും എത്ര എണ്ണം നഷ്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ഇ) ലാഭത്തിലല്ലാത്ത ഫാമുകൾ പുനഃസംഘടിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി) 10 ഫാമുകൾ (പ്രത്യേക ഫാമുകൾ).

(സി) 1144.0426 ഹെക്ടർ.

(ഡി) ഒരു ഫാം (കശുമാവു പ്രജനന തോട്ടം അദുൽ ഗ്വാളിമുഖ) മാത്രമാണ് പ്രത്യേക ഫാമുകളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത്. 2002-03 വർഷം 43 ലക്ഷം രൂപ ലാഭമുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly